DESPATCHED
On. 14/1/22...

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 473(6)/2021 എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.4395/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ
**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
തീയതി : 31.12.2021

ശ്രീ. കെ.കെ. വിജയൻ,
കോതാക്കുന്നേൽ,
പിറയാർ,
കിടങ്ങൂർ പി.ഒ,
കോട്ടയം – 686 572.
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ആഫീസ് ഇൻസ്പെക്ടർ,
സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് ,
മീനച്ചിൽ, പാലാ.

2. അപ്പീൽ അധികാരി ,
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ),
സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് ,
മീനച്ചിൽ, പാലാ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 06/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/01/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/03/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | -- |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14/07/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 23/12/2021<br>PWD റസ്റ്റ് ഹൗസ്, കോട്ടയം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി (പ്രതിനിധി) |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.കെ. വിജയൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും എന്നാൽ രണ്ടാം എതിർകക്ഷി തെറ്റായ മറുപടിയാണ് ലഭ്യമാക്കിയതെന്നും ശരിയായ മറുപടി നൽകാത്ത എതിർകക്ഷികൾക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 06.01.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കിടങ്ങൂർ സർവ്വീസ് സഹകരണ ബാങ്കിൽ 14 ഡയറക്ടർ ബോർഡ് അംഗങ്ങളാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്നും ഇതിൽ രണ്ട് അംഗങ്ങൾ മരണപ്പെട്ടിട്ടുള്ളതും ഒരാൾ 7 മാസമായി വിദേശത്താണെന്നും ആയതിനാൽ ക്വോറം തികഞ്ഞ് യോഗം ചേരുന്നതിന് എത്ര അംഗങ്ങളുടെ ഹാജർ ആവശ്യമായിട്ടുണ്ടെന്നും

2) ജീവനക്കാരുടെ ബോണസ് സംബന്ധിച്ച് മിനിമം ബോണസ് 7000/- രൂപ എന്നിരിക്കെ അത് പോരന്നുള്ള ജീവനക്കാരുടെ പരാതിയിൽ ഓണം കഴിഞ്ഞ് വിളിച്ച ഡയറക്ടർ ബോർഡ് യോഗത്തിൽ 6 അംഗങ്ങൾ മാത്രം പങ്കെടുത്ത യോഗത്തിൽ 20% ബോണസ് കൊടുക്കുവാൻ തീരുമാനിച്ചതിന് സാധ്യതയുണ്ടോ എന്നും പിഴവുണ്ടായിട്ടുണ്ടെങ്കിൽ എന്താണ് നടപടിയെന്നും

3) 3 മാസത്തെ അവധി ചോദിച്ച് ഒരു ബോർഡ് അംഗം വിദേശത്ത് പോയിട്ട് 7 മാസം കഴിഞ്ഞിരിക്കുന്നെന്നും ഇതുവരെ രേഖാമൂലം അവധി അപേക്ഷ കൊടുത്തതായി അറിയില്ലെന്നും ഈ അംഗം നിയമപരമായി നിലവിലുണ്ടോ എന്നും അംഗത്വം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ടി വിവരം അറിഞ്ഞിട്ടുണ്ടോ എന്നുമാണ്.

3. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 27.01.2021 ൽ നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് കിട

ങ്ങൂർ സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെടുവാൻ നിർദ്ദേശിച്ചിരിക്കുന്നു. കിടങ്ങൂർ സർവ്വീസ് സഹകരണ ബാങ്ക് വിവരാവകാശ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ടിയാൻ 04.02.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് 15.03.2021 ൽ മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി 07.07.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും മറുപടി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിന് ഡയറക്ടർ ബോർഡ് യോഗം കൂടുന്നതിനാവശ്യമായ ക്വാറം 6 എന്നാണ് നൽകിയതെന്നും ബൈലോ വ്യവസ്ഥകലിൽ ഭേദഗതി വരുത്തിയ ഉത്തരവിന്റെ പകർപ്പ് ആഫീസിൽ ലഭിച്ചിട്ടില്ലാത്തതിനാലാണ് ലഭ്യമായിരുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി നൽകിയതെന്നും ഹർജിക്കാരന്റെ ആക്ഷേപം കാണാനിടയായ സാഹചര്യത്തിലാണ് കിടങ്ങൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ബൈലോ വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരമുള്ള ബഹു. കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ബന്ധപ്പെട്ടപ്പോഴാണ് ടി ബാങ്കിന്റെ ഭരണസമിതിയംഗങ്ങളുടെ എണ്ണം 14 ആക്കി വർദ്ധിപ്പിച്ചിട്ടുള്ളതായി അറിഞ്ഞതെന്നും ഭേദഗതി വരുത്തിയ ബൈലോ വ്യവസ്ഥ പ്രകാരം ബോർഡ് അംഗങ്ങളുടെ എണ്ണത്തിന്റെ പകുതിയിൽ ഒന്ന് അധികം കോറത്തിന് ആവശ്യമാണെന്നും ആയതിനാൽ തെറ്റായി വിവരം നൽകേണ്ടി വന്നത് മന:പൂർവ്വമല്ലാത്ത വീഴ്ചയാണെന്നും ഹർജിക്കാരന്റെ രണ്ടാമത്തെ ചോദ്യത്തിന് ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 18.08.2020 ലെ 61/20-100 നമ്പർ സർക്കുലറിലെ 2-ാം നമ്പർ വ്യവസ്ഥ പ്രകാരം 2019-20 വർഷത്തെ കണക്കനുസരിച്ച് ബോണസ് ആക്ടിൽ നിർദ്ദേശിക്കുന്ന പ്രകാരം മതിയായ സംഖ്യ അലോക്കബിൾ സർപ്ലസുള്ള സംഘങ്ങൾ 7000/- രൂപ വരെ മാസവേതനമുള്ള ജീവനക്കാർക്ക് വാർഷിക വേതനത്തിന്റെ 20% ൽ അധികരിക്കാത്ത സംഖ്യ ബോണസ് ആയി നൽകാവുന്നതാണെന്ന് നിഷ്കർച്ചിരിക്കുന്നുവെന്നും ടിയാന്റെ 3-ാമത്തെ ചോദ്യത്തെ സംബന്ധിച്ച് രേഖകൾ യാതൊന്നും തന്നെ ടി ഓഫീസിൽ സൂക്ഷിച്ചിട്ടില്ലെന്നും ബൈലോ വ്യവസ്ഥ

23(13) പ്രകാരം ബാങ്ക് ഭരണസമിതി യോഗങ്ങളുടെ മിനിറ്റ്സും അനുബന്ധ രേഖകളും ബാങ്ക് സെക്രട്ടറിയുടെ അധീനതയിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്കും എതിർകക്ഷികൾ മറുപടികൾ നൽകിയിട്ടുള്ളതായി കാണുന്നുവെങ്കിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി നൽകിയതായി കാണുന്നില്ല. 23.12.2021 ൽ കമ്മീഷൻ കോട്ടയം റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. രണ്ടാം എതിർകക്ഷി 07.07.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് ഹർജിക്കാരന് ലഭിച്ചിട്ടില്ല എന്ന് ടിയാൻ ഹിയറിംഗിൽ മൊഴി നൽകിയത്. ഇരു കക്ഷികളേയും വിശദമായി കേട്ടതിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 3 ചോദ്യങ്ങൾക്കും വ്യക്തമായ മറുപടിയും കൂടാതെ 07.07.2021 തീയതിയിൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും ഈ ഉത്തരവ് ലഭിച്ച് 5 ദിവസങ്ങൾക്കുള്ളിൽ ഹർജിക്കാരന് നൽകേണ്ടതാണെന്നും ആ വിവരം കമ്മീഷനിൽ രേഖാമൂലം നൽകേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 31-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm